പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 354 — 11.06.2013-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിശദാംശങ്ങൾ

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ :

(എ) വൈദ്യുതി പ്രതിസന്ധി നിലവിലുള്ള 2013-14 വർഷത്തിൽ പുറമെ നിന്നും വൈദ്യുതി വാങ്ങുന്നതിനായി ഉണ്ടാക്കിയ ദീർഘകാല/ഹ്രസ്വകാല കരാറുകൾ ഏതെല്ലാം ; വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) 2013-14 വർഷത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ പുറത്തു നിന്നും വൈദ്യുതി വാങ്ങുന്നതിനായി വിവിധ ട്രേഡർമാരുമായി കരാറിലേർപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| Sl No. | Trader | Period of Supply | Quantity in MW | Rate in ₹/unit |
|---|---|---|---|---|
| 1 | NVVN | 01.07.2012 to 31.05.2013 | 300 | 4.47 |
| 2 | PTC | 01.07.2012 to 31.05.2013 | 200 | 4.45 |
| 3 | Global | 01.10.2012 to 31.05.2013 | 150 | 4.82 |
| 4 | Global | 26.12.2012 to 31.05.2013 | 15 | 7.00 |
| 5 | PTC | 19.01.2013 to 31.05.2013 | 200 | |
| | | | 00.00 to 05.00 hrs | 4.13 |
| | | | 05.00 to 10.00 hrs | 4.43 |
| | | | 10.00 to 19.00 hrs | 4.52 |

| | | | | |
|---|---|---|---|---|
| | | | 19.00 to 24.00 hrs | 4.72 |
| 6 | NVVN | 01.04.2013 to 30.04.2013 | 250 | 6.14 |
| 7 | NVVN | 01.5.2013 to 31.05.2013 | 250<br><br>05 to 10 and 19 to 24 hrs<br><br>00 to 05 and 10 to 19 hrs | <br><br>5.62<br><br>5.44 |
| 8 | NVVN | 01.05.2013 to 31.05.2013 | 150 | 5.44 |
| 9 | NVVN | 01.04.2013 to 30.04.2013 | 20 | 7.04 |
| 10 | PTC | 01.04.2013 to 30.04.2013 | 20 | 7.07 |
| 11 | PTC | 01.04.2013 to 30 04.2013 | 9.5 | 6.93 |
| 12 | Global | 01.04.2013 to 30.04.2013 | 10 | 7.45 |
| 13 | Global | 01.04.2013 to 31.05.2013<br><br>01.06.2013 to 30.06.2013 | 150<br><br>150 | 6.83<br><br>6.28 |
| 14 | PTC | 01.06.2013 to 15.06.2013 | 100 | 5.50 |
| 15 | PTC | 01.06.2013 to 31.05.2014 | 100 | 4.17 |
| 16 | PTC | 01.06.2013 to 31.05.2014 | 100 | 4.27 |

| | | | | |
|---|---|---|---|---|
| 17 | Shreecemt Limited | 01.06.2013 to 31.05.2014 | 100 | 3.99 |
| 18 | Jindal | 01.11.2013 to 31.10.2014 | 150 | 3.766 |
| 19 | Sterlite | 01.11.2013 to 31.10.2014 | 200 | 4.105 |
| 20 | PTC | 01.11.2013 to 31.10.2014 | 250 | 4.130 |

(ബി) ഇവയിൽ മുൻ നിരക്കുകളേക്കാൾ കൂടിയ നിരക്കിൽ വൈദ്യുതി ഏതെല്ലാം കരാർ വഴി വാങ്ങി ; വിശദമാക്കുമോ ;

(ബി) വിവിധ ട്രേഡർമാർ മുഖേന ഹ്രസ്വകാലാടിസ്ഥാനത്തിൽ പുറത്തു നിന്നും വൈദ്യുതി വാങ്ങുന്നത് മത്സരാധിഷ്ഠിത ദർഘാസുകൾ വഴിയാണ്. 2011-12 കാലഘട്ടത്തിൽ 3.10 രൂപ മുതൽ 6.78 രൂപ വരെയുള്ള വിലയ്ക്കും, 2012-2013 കാലഘട്ടത്തിൽ 3.54 രൂപ മുതൽ 7.45 രൂപ വരെയുള്ള വിലയ്ക്കും മത്സരാധിഷ്ഠിത ദർഘാസിലൂടെ വൈദ്യുതി വാങ്ങിയിട്ടുണ്ട്. 2013-2014 കാലഘട്ടത്തിലേയ്ക്ക് ഇതുവരെ 3.766 രൂപ മുതൽ 7.45 രൂപ വരെ വിലയുള്ള വൈദ്യുതി വാങ്ങുന്നതിനുള്ള ധാരണയുണ്ടാക്കി.

(സി) പുറമെ നിന്നും വാങ്ങുന്ന വൈദ്യുതി സംസ്ഥാനത്തെത്തിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് ;

(സി) അന്തർ സംസ്ഥാന പ്രസരണ ലൈനുകളിൽ കൂടി "Open Access" വ്യവസ്ഥയിലാണ് കേരളത്തിലേയ്ക്ക് പുറമേ നിന്നുള്ള വൈദ്യുതി എത്തിക്കുന്നത്. ഈ വ്യവസ്ഥയിൽ വൈദ്യുതി കൊണ്ടു വരുന്നതിനായുള്ള അനുമതിക്കായി ബോർഡും ട്രേഡേഴ്സും ബാംഗ്ലൂർ ആസ്ഥാനമായ SRLDC (Southern Regional Load Despatch Centre) യിൽ അപേക്ഷ നൽകുകയും അനുമതി ലഭ്യമാകുന്ന പക്ഷം പുറമേ നിന്നും കരാർ മുഖേന വൈദ്യുതി എത്തിക്കുകയും ചെയ്യുന്നു.

(ഡി) ഇതിനായി പവർ ലൈനുകൾ മുൻകൂട്ടി ബുക്ക് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) പവർ ലൈനുകൾ കെ.എസ്.ഇ.ബി. യ്ക്ക് വൈദ്യുതി നൽകാമെന്നേറ്റിട്ടുള്ള ട്രേഡർമാർ മുഖേന ബുക്ക് ചെയ്തിട്ടുണ്ട്.

(ഇ) കരാറുകളിലൂടെയല്ലാതെ 'പവർ എക്സ്ചേഞ്ച്' വഴി വൈദ്യുതി

(ഇ) 2013-14 കാലയളവിൽ പവർ എക്സ്ചേഞ്ച് വഴി 119.29 ദശലക്ഷം (ദശലക്ഷം യൂണിറ്റ്) വൈദ്യുതി

വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഇത് എന്ത് നിരക്ക് പ്രകാരമാണ് വാങ്ങിയത് ; വിശദാംശം വ്യക്തമാക്കുമോ ;

വാങ്ങിയിട്ടുണ്ട് ഇതിന്റെ ശരാശരി നിരക്ക് 6 രൂപ 72 പൈസയാണ്

(എഫ്) കരാർ പ്രകാരം വൈദ്യുതി വാങ്ങുന്നതാണോ പവർ എക്സ്ചേഞ്ച് വഴി വാങ്ങുന്നതാണോ സംസ്ഥാനത്തിന് ഗുണകരമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) കരാർ പ്രകാരമുള്ള വൈദ്യുതിയുടേയും, പവർ എക്സ്ചേഞ്ച് വഴി വാങ്ങുന്ന വൈദ്യുതിയുടേയും ആവശ്യകതയും ലഭ്യതയും വ്യത്യസ്തമായതിനാൽ താരതമ്യം ചെയ്യത്തക്കതല്ല.

സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുൻകൂട്ടി കണക്കാക്കി ദീർഘകാല (Long term, 12 to 25 years) മദ്ധ്യകാല (Medium term- 3months to 3 years), ഹ്രസ്വകാല (Short term – 1 month to 3 months) കരാറുകൾ വഴിയാണ് പുറമേ നിന്നും വൈദ്യുതി വാങ്ങുന്നത്.

എന്നാൽ പവർ എക്സ്ചേഞ്ചിലെ വൈദ്യുതി വാങ്ങുന്നത് ഒരു ദിവസം മുൻപ് നിർദ്ദിഷ്ട ദിവസത്തെ വൈദ്യുതിയുടെ ആവശ്യകത വിലയിരുത്തിയാണ്. കൂടാതെ പവർ എക്സ്ചേഞ്ച് വഴിയുള്ള വൈദ്യുതി വിപണനത്തിന് വേണ്ട ലൈനുകളുടെ ശേഷി നിർണ്ണയിക്കുന്നത് ഒരു ദിവസത്തെ മാത്രം ലഭ്യതയ്ക്കനുസരിച്ചാണ്. അതുകൊണ്ട് കരാറടിസ്ഥാനത്തിൽ പ്രസരണ ശൃംഖല ലഭ്യമല്ലെങ്കിൽ പോലും പവർ എക്സ്ചേഞ്ച് വഴി വൈദ്യുതി കുറഞ്ഞ അളവിലെങ്കിലും ലഭിക്കുന്നതിന് സാധ്യതയുണ്ട് സ്വാഭാവികമായും ഇങ്ങനെ ലഭിക്കുന്ന വൈദ്യുതിക്ക് ആവശ്യക്കാരേറെയുള്ളതു കൊണ്ട് വിലയും കൂടാറുണ്ട്.

സംസ്ഥാനത്തെ വൈദ്യുതിയുടെ ആവശ്യകത ഓരോ ദിവസങ്ങളിലും ആഴ്ചകളിലും, മാസങ്ങളിലും പ്രവചനാതീതമായി വ്യതിചലിക്കുന്നതിനാൽ, കരാറടിസ്ഥാനത്തിൽ വാങ്ങാവുന്ന വൈദ്യുതിക്ക് പരിധിയുണ്ട്. പരിധിക്കപ്പുറത്തുള്ള വ്യതിയാനങ്ങൾ നിറവേറ്റുന്നതിനും ജലവൈദ്യുത പദ്ധതികളുടെ പരിമിതികൾ മറികടക്കുന്നതിനുമായി പവർ എക്സ്ചേഞ്ച് മുഖേനയും വൈദ്യുതി വാങ്ങുന്നത് ഒരു പരിഹാര മാർഗ്ഗമാണ്. കൂടാതെ ഇങ്ങനെയുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വില കൂടിയ താപവൈദ്യുതിയുടെ ഉപഭോഗം വലിയ അളവിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ജി) ഗുണകരമല്ലാത്ത പദ്ധതികളിലൂടെ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയിട്ടുണ്ട് എങ്കിൽ ഇതിന്റെ ഉത്തരവാദികൾ ആരെല്ലാം ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

(ജി) ഗുണകരമല്ലാത്ത ഒരു പദ്ധതിയും സംസ്ഥാനത്തില്ല. ചില പദ്ധതികളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില ഇന്ധന വിലയ്ക്കനുസരിച്ച് കാലാനുസൃതമായി കൂടാറുണ്ട്. എന്നാൽ ഈ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ആവശ്യകതയുടെ പ്രാധാന്യമനുസരിച്ച് പരിമിതപ്പെടുത്തി മാത്രമേ ഉപയോഗിക്കാറുള്ളൂ.

സെക്ഷൻ ഓഫീസർ.